## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 896 — 30.11.2018 ന് മറുപടിയ്ക്ക്.

## വന്യജീവികളുടെ ആക്രമണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ജെ.മാക്സി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വന്യജീവികളുടെ ആക്രമണത്തിന് ഇരയായി സംസ്ഥാനത്ത് മരണപ്പെട്ടവരുടെ എണ്ണം എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വന്യജീവികളുടെ ആക്രമണത്തിന് ഇരയായി സംസ്ഥാനത്ത് മരണപ്പെട്ടവരുടെ എണ്ണം ചുവടെ ചേർക്കുന്നു. (പാമ്പുകടിയേറ്റുള്ള മരണം ഉൾപ്പെടെ)

| ജില്ല | എണ്ണം |
|---|---|
| 1. തിരുവനന്തപുരം | 17 |
| 2. കൊല്ലം | 22 |
| 3. കോട്ടയം | 14 |
| 4. പത്തനംതിട്ട | 10 |
| 5. ആലപ്പുഴ | 0 |
| 6. എറണാകുളം | 12 |
| 7. ഇടുക്കി | 15 |
| 8. തൃശ്ശൂർ | 55 |
| 9. പാലക്കാട് | 82 |
| 10. കോഴിക്കോട് | 4 |
| 11. കണ്ണൂർ | 14 |
| 12. മലപ്പുറം | 31 |
| 13. വയനാട് | 17 |
| 14. കാസർഗോഡ് | 9 |
| ആകെ | 302 |

(ബി) ഇവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരമായി എത്ര തുക നാളിതുവരെ ചെലവഴിച്ചു; നഷ്ടപരിഹാരത്തോത് എപ്രകാരമാണ് കണക്കാക്കപ്പെടുന്നത്; വിശദമാക്കുമോ;

(ബി) നാളിതുവരെ 4,92,82,500/- രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. 05.04.2018 ലെ സർക്കാർ ഉത്തരവ് (കൈ) ) നം.17/18/വനം പ്രകാരം വന്യജീവി ആക്രമണം മൂലമുള്ള മരണത്തിന് അനന്തരാവകാശികൾക്ക് 10 ലക്ഷം രൂപയും വനത്തിനു പുറത്തു വച്ചുള്ള പാമ്പുകടി മൂലമുള്ള മരണത്തിന് 2 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി നൽകുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വന്യജീവി ആക്രമണങ്ങളിൽ എത്രപേർക്ക് പരിക്കേറ്റുവെന്നും എത്ര ഹെക്ടർ കൃഷിസ്ഥലം നാശം സംഭവിച്ചുവെന്നും എത്ര വീടുകൾ നഷ്ടപ്പെട്ടുവെന്നും പരിക്കേറ്റവർക്കും കൃഷിനാശം സംഭവിച്ചവർക്കും വീട് നഷ്ടപ്പെട്ടവർക്കും നഷ്ടപരിഹാരമായി നൽകിയ തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഉണ്ടായിട്ടുള്ള വന്യജീവി ആക്രമണങ്ങളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| വന്യജീവികളുടെ ആക്രമണം മൂലം പരിക്കേറ്റ വർ | നഷ്ടപരിഹാരമായി നൽകിയ തുക (രൂപ) | വന്യജീവികളുടെ ആക്രമണം മൂലം കൃഷി നാശം (ഹെക്ടർ) | നഷ്ടപരിഹാരമായി നൽകിയ തുക (രൂപ) | വന്യ ജീവികളുടെ ആക്രമണം മൂലം വീട് നാശം (എണ്ണം) | നഷ്ടപരിഹാരമായി നൽകിയ തുക (രൂപ) |
|---|---|---|---|---|---|
| 1985 | 5,65,06,808 | 8542 | 10,46,23,016 | 365 | 64,67,488 |

(ഡി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്രപേർ സംസ്ഥാനത്ത് പാമ്പ് കടിയേറ്റ് മരണപ്പെട്ടു; ഇവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരമായി എത്ര തുക നാളിതുവരെ അനുവദിച്ചു; വിശദമാക്കുമോ;

(ഡി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ 256 പേർ പാമ്പുകടിയേറ്റ് മരണപ്പെട്ടിട്ടുണ്ട്. ഇവരുടെ കുടുംബങ്ങൾക്ക് 201.50 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

(ഇ) പാമ്പ് കടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നൽകുന്ന ധനസഹായം, വന്യജീവി ആക്രമണങ്ങളിൽ കൃഷിനാശം സംഭവിച്ചവർക്കും പരിക്കേൽക്കുന്നവർക്കും നൽകി വരുന്ന ധനസഹായം എന്നിവ എത്രയാണെന്ന് വ്യക്തമാക്കുമോ?

(ഇ) 05.04.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം. 17/18/വനം പ്രകാരം വനത്തിനകത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും, വനത്തിന് പുറത്തുവച്ച് പാമ്പ് കടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 2 ലക്ഷം രൂപയും, കൃഷിനാശം സംഭവിക്കുന്നവർക്ക് നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ)യും, പരിക്കേൽക്കുന്നവർക്ക് 1 ലക്ഷം രൂപയും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ പട്ടികവർഗ്ഗക്കാർക്ക് പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും) നൽകി വരുന്നു.

സെക്ഷൻ ഓഫീസർ